# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2738 10.12.2014 - ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ നിയമനടപടികൾ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് കേരളത്തിന് ദോഷമായി ഉണ്ടായ വിധിയെ തുടർന്ന് എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | (എ) | മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി 07.05.2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ; കേരളം 30.06.2014-ൽ റിവ്യൂ ഹർജി; ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്തുമ്പോൾ; കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന ചില ക്രിയാത്മക നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടി അവ പരിഗണിച്ച് തമിഴ്നാടിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളം ബഹു. സുപ്രീം കോടതി മുമ്പാകെ 15.11.2014-ലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) ഏതെല്ലാം കാരണങ്ങളെ അടിസ്ഥാനമാക്കിയാണ് പുനരവലോകന ഹർജി നല്കിയതെന്ന് വിശദമാക്കാമോ; | (ബി) | ബഹു. സുപ്രീം കോടതി; "O.S. No.3/2006" എന്ന അസ്സൽ അന്യായത്തിന്മേൽ 07.05.2014-ൽ പുറപ്പെടുവിച്ച വിധിന്യായം<br><br>ദയാപൂർവ്വം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് കേരളം 30.06.2014-ൽ പുനരവലോകന ഹർജി സമർപ്പിച്ചിരുന്നത്. പ്രസ്തുത പുനരവലോകന ഹർജിയിൽ താഴെപ്പറയുന്ന പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിലെ സെക്ഷൻ 177 നടപ്പിലാക്കുന്നത് അതേ ആക്ടിലെ സെക്ഷൻ 5 - ൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ രൂപീകരണത്തിനുശേഷം മാത്രമേ സാധിക്കുകയുള്ളുവെന്നും എന്നാൽ അതു നടപ്പിലാക്കിയിട്ടില്ലായെന്നും ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.<br><br>2. 1886-ലെ പാട്ടക്കരാർ ഒരു Political agreement - നെക്കാൾ ഉപരി ഒരു സാധാരണ കരാർ ആണെന്ന ഭരണഘടനാബെഞ്ചിന്റെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിട്ടുണ്ട്.<br><br>3. 1956-ലെ സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ടിന്റെ സെക്ഷൻ 108 പ്രകാരം പാട്ടക്കരാർ കേരളത്തിന് ബാധകമാണെന്ന 2006-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവിലെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിരുന്നു. മേൽപ്പറഞ്ഞ കോടതി നിരീക്ഷണത്തെ തെറ്റായ ഒന്നാണെന്ന് കേരളം വാദിച്ചെങ്കിലും അത് പരിഗണിക്കാത്ത കാര്യവും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.<br><br>4. ബഹു. സുപ്രീം കോടതി നിയോഗിച്ച |

Empowered Committee - യുടെ കീഴിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തിയ വിവിധ ലാബോറട്ടറി ടെസ്റ്റുകളുടെ സമയത്ത് കേരളത്തിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യം അനുവദിക്കാതിരുന്നതും, അവർ നൽകിയ വിവിധ പഠന റിപ്പോർട്ടുകൾ കേരളത്തിന് നൽകാതിരുന്നതും അതിന്മേൽ കേരളത്തിന്റെ അഭിപ്രായം അറിയിക്കാൻ അനുവദിക്കാതിരുന്നതും സാമാന്യനീതി നിഷേധിക്കലാണ് എന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ